ഉത്തരം

(എ) 80 സർവ്വീസുകൾ.

(ബി) ഒരു സർവ്വീസുപോലും നിർത്തൽ ചെയ്തിട്ടില്ല.

(സി) കെട്ടിടനിർമ്മാണത്തിനാവശ്യമായ അനുവാദം മുനിസിപ്പാലിറ്റിയിൽ നിന്നും ലഭിച്ചാലുടൻതന്നെ പണി ആരംഭിക്കുന്നതാണ്.

(ഡി) ഡിപ്പോയുടെ വികസനത്തിന് പുതിയ പരിപാടികൾ ഒന്നുംതന്നെ പരിഗണനയിലില്ല. ഇവിടെ ബസ് സർവ്വീസുകൾ ഒന്നുംതന്നെ നിർത്തൽ ചെയ്തിട്ടില്ല.

നാദപുരത്ത് സബ് ആർ. ടി. ഓഫീസ് ആരംഭിക്കാൻ നടപടി

66 [1375] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദപുരത്ത് സബ് ആർ. ടി. ഓഫീസ് അനുവദിക്കണമെന്നുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് വിവിധ വാഹന രജിസ്ട്രേഷൻ കൂടുതലായി നടക്കുന്ന സ്ഥലങ്ങളിൽ ഒന്നാണ് നാദാപുരം എന്ന പരിഗണന വച്ച് അവിടെ സബ് ആർ. ടി. ഓഫീസ് അനുവദിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) 28-3-2003-ൽ സർക്കാരിൽ ലഭിച്ച പ്രസ്തുത വിഷയം സംബന്ധിച്ച നിവേദനത്തിന്റെ പകർപ്പ് 31-3-2003-ൽ അടിയന്തിര റിപ്പോർട്ടിനായി ട്രാൻസ്പോർട്ട് കമ്മീഷണർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് ട്രാൻസ്പോർട്ട് കമ്മീഷണറുടെ വിശദമായ റിപ്പോർട്ട് ലഭിച്ചതിനുശേഷം അതിന്റെ വിവിധ വശങ്ങൾ പരിശോധിച്ച് സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുത്ത് മാത്രമേ ഇക്കാര്യത്തിൻമേൽ തീരുമാനമെടുക്കാനാകൂ.

LIBRARY ARCHIVES Kerala Legislative Assembly